സുരക്ഷിതത്വം ഉറപ്പാക്കുക. അതുപോലെ വൈൽഡ് വിംഗിന്റെ സൗകര്യങ്ങൾ ഉറപ്പുവരുത്തുക. അതിനാവശ്യമായ നടപടികളും സ്വീകരിക്കണം. എട്ട് അമ്പത് വർഷമായി ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മുൻമന്ത്രിമാരോടും അതുപോലെ കഴിഞ്ഞ ഗവൺമെന്റിനോടും ഇതു സംബന്ധിച്ച് ഉന്നയിച്ച കാര്യമാണ്. എന്തെങ്കിലും ഇക്കാര്യത്തിൽ ചെയ്യണം. ഈ ഗവൺമെന്റിന് കർഷകരുടെ ശാപം ഈ കാര്യത്തിൽ ഏറെടുക്കാൻ വിധി ഉണ്ടാകാത്ത തരത്തിലുള്ള നടപടികളും സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ട് പ്രൊപ്പോസലുകളിൽ ഒന്ന് സോളാർ ഫെൻസിംഗും മറ്റൊന്ന് കിടങ്ങ് കുഴിക്കലുമാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഗവൺമെന്റിന് കഴിയുന്ന രീതിയിൽ സഹായിക്കാൻ ഒരുക്കമാണ്. അതോടൊപ്പംതന്നെ കൃഷിനാശം സംഭവിച്ചവർക്ക് 2004-05-ൽ 30,784 രൂപ നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. 2005-06-ൽ കൃഷിനാശം സംഭവിച്ചവരിൽനിന്നും 12 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇങ്ങനെ കൃഷിനാശം സംഭവിച്ചവർക്ക് കൂടുതൽ പണം കൊടുക്കാൻ കഴിയുമോ എന്നുള്ളത് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റ് ഗൗരവമായി എടുക്കുന്നതാണ്.

(10) നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്തെ ജില്ലാ കളക്ടർമാർ ചെയർമാൻമാരും, ഹൗസിംഗ് സെക്രട്ടറി ചെയർമാനും ആയിട്ടുള്ള ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും, സംസ്ഥാന നിർമ്മിതി കേന്ദ്രവും ഇന്ന് ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. അത് നിർമ്മിതി കേന്ദ്രത്തിലെ പ്രശ്നം മാത്രമല്ല കേരളത്തിലെ നിർമ്മാണ മേഖലയിൽ നല്ല തോതിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസീസ് എന്ന പദവിയിലുള്ള ഈ സ്ഥാപനങ്ങൾ തകർന്നു പോകുന്നത് നമ്മുടെ സംസ്ഥാന സർക്കാരിന് ഭൂഷണമായ കാര്യമല്ല. അതിനെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. 14-3-2005-ന് ധനകാര്യ വകുപ്പിറക്കിയിട്ടുള്ള ഉത്തരവ് വഴി അതിൽ പറയുന്നത് Government accredited agencies like Nirmithi Kendra etc. are not eligible for this exemption. നികുതിയിളവ് ഉണ്ടായിരുന്നത് ഇപ്പോൾ ഒഴിവാക്കിയിരിക്കുകയുമാണ്. വാറ്റ് വന്നതോടുകൂടി ഇവർക്ക് നികുതി അടയ്ക്കേണ്ട പുതിയ സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ No profit basis-ൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് നിർമ്മിതി കേന്ദ്രങ്ങളും. Contractor's profit ഈടാക്കുന്നില്ല. വേണമെങ്കിൽ ഒരു കരാറുകാരൻ എന്ന പദവി അവർക്ക് കൊടുത്തിട്ട് പ്രോഫിറ്റ് ഈടാക്കാൻ കഴിയും. അത് നമ്മുടെ ഉദ്ദേശിക്കുന്നേയില്ല. ഇപ്പോഴുള്ള ചട്ടത്തിൽ അങ്ങനെ ഒരു വ്യവസ്ഥയില്ല. അതിനാൽ "വാറ്റിൽ" നിന്നും ഇവരെ പൂർണ്ണമായി ഒഴിവാക്കണം. ഗുണഭോക്തൃ കമ്മിറ്റിയുടെ പദവിയിലാണ് ഇവർ നിർമ്മാണപ്രവർത്തനങ്ങൾ ഏറെടുത്ത് നടത്തുന്നത്. ആ നിലയിൽതന്നെ നിർമ്മിതി കേന്ദ്രങ്ങളെ പരിഗണിക്കണം. മാത്രമല്ല ചില നിർമ്മിതി കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ റീജിയണൽ കേന്ദ്രമായിട്ടുള്ള എറണാകുളത്ത് ജീവനക്കാർക്ക് 6 മാസത്തെ ശമ്പളം കുടിശ്ശികയാണ്. മറ്റു ജില്ലാ കേന്ദ്രങ്ങളിലും ജീവനക്കാരുടെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

എം.പി., എം.എൽ.എ. ഫണ്ട്, ലോക്കൽ ബോഡികളുടെ പദ്ധതിയുടെ വിനിയോഗം തുടങ്ങിയവയെല്ലാം ഇപ്പോഴും ഈ കേന്ദ്രങ്ങളെ ഏൽപ്പിച്ചു വരുന്നുണ്ട്. അതിനാൽ അവരുടെ പ്രവർത്തനം മെച്ചപ്പെട്ടുവരുന്നുണ്ട്. അപ്പോഴും അതിന്റെ പ്രവർത്തനം കുറെകൂടി മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ അഡ്വാൻസ് നൽകേണ്ടതുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ സംവിധാന മായതിനാൽ എം.പി., എം.എൽ.എ. ഫണ്ടിന്റെ അഡ്വാൻസ് കൊടുക്കു ന്നതിന് തടസ്സമുള്ള ഒരു കാര്യമല്ല. ഇന്നിപ്പോൾ ഗവേണിംഗ് ബോഡിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. അവരെകൂടി ഉൾപ്പെടുത്തണം. അതുപോലെ ഈ മേഖലയിലെ പ്രവർത്തനങ്ങളും മെച്ചപ്പെടുത്താൻ ബന്ധപ്പെട്ടവരുമായി ഒരു കൂടിയാലോചന നടത്തേണ്ടതാണ്. സാങ്കേതികാനുമതി നൽകുന്നതിന് അതാത് ജില്ലകളിൽ പ്രത്യേക സംവിധാനമുണ്ടാക്കണം. അതുകൊണ്ട് അതീവ ഗൗരവത്തിൽ ഈ വിഷയം പരിഗണിക്കണമെന്ന് സർക്കാരിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: വേറെ ഒന്നുരണ്ട് പേർ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കു ന്നതിനുള്ള നിർദ്ദേശങ്ങളും ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും നടപ്പിലാക്കാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതു പോലെ സംസ്ഥാന നിർമ്മിതി കേന്ദ്രം ഏറെടുക്കുന്ന പ്രവർത്തികൾക്ക് സാങ്കേതികാനുമതി കൊടുക്കുന്നതിന് ജില്ലാകളക്ടർ ചെയർമാനായുള്ള പ്രത്യേക സംവിധാനം ഇപ്പോഴുണ്ട്. എം. പി., എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്ക് ജില്ലാവികസന സമിതികളുടെ തീരുമാനത്തിന് വിധേയമായി ചില സ്ഥലങ്ങളിൽ അഡ്വാൻസ് ലഭിക്കുന്നുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രം, കോസ്റ്റ്ഫോഡ്, ഹാബിറ്റാറ്റ് തുടങ്ങിയ സ്ഥാപനങ്ങളെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്ത നങ്ങൾ ഏറെടുത്ത് നടത്താനുള്ള ഏജൻസികളായി സർക്കാർ അംഗീകരി ച്ചിട്ടുണ്ട്. പിന്നെ ഇവിടെ സൂചിപ്പിച്ചപോലെ നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ച് ചർച്ച ചെയ്യാനായി ഈ മാസം 10-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്.

(11) കൊച്ചി വ്യവസായ നഗരത്തിന് മാസ്റ്റർ പ്ലാനും അടിസ്ഥാന സൗകര്യങ്ങളും

പ്രൊഫ. കെ. വി. തോമസ്: സർ, കൊച്ചി വ്യവസായ മേഖല വളരെ വേഗത്തിൽ വളരുകയാണ്. ചേർത്തല മുതൽ ചാലക്കുടി വരെയും മൂവാറ്റുപുഴ മുതൽ കോതമംഗലം വരെയുമാണ് ഈ വ്യവസായ മേഖല വളരെ വേഗത്തിൽ വളരുന്നത്. ഈ ഒരു പശ്ചാത്തലത്തിൽ ഈ വ്യവസായ മേഖലയ്ക്ക് ഒരു മാസ്റ്റർ പ്ലാനും അതുപോലെ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കാനുമുള്ള ഒരു നടപടിയും അടിയന്തിരമായി ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly